(എഫ്) ഈ വരുമാന പരിധിയിൽപ്പെടുന്ന രക്ഷാകർത്താക്കളുടെ കുട്ടികൾക്ക് ഒരു ലക്ഷം രൂപ കോഷൻ ഡിപ്പോസിറ്റും പ്രതിവർഷം ഇതുപതിനായിരം രൂപ ഫീസും നൽകാനുള്ള ശേഷിയുണ്ടെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ?

ഉത്തരം

(എ)&(ബി)സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഈ കാര്യത്തിൽ പഠനം നടത്തിയിട്ടില്ല.

(സി)&(ഡി) ഇത് സംബന്ധിച്ച് ഗവൺമെന്റ് സ്ഥിതിവിവര കണക്കുകൾ ശേഖരിച്ചിട്ടില്ല.

(ഇ)&(എഫ്) സാങ്കേതിക കോളേജുകളിൽ പഠിക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടില്ല.

54 (198) ഫാർമസ്യൂട്ടിക്കൽ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

ശ്രീമതി ശോഭനാ ജോർജ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ഫാർമസ്യൂട്ടിക്കൽ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ മേഖലകളിലെ സാങ്കേതിക വൈദഗ്ദ്ധ്യവും ആവശ്യകതയും കണക്കിലെടുത്താണ് കോഴ്സുകളുടെ രൂപരേഖ തയ്യാറാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) ഈ മേഖലയിലെ വിദേശ തൊഴിൽസാദ്ധ്യത കണക്കിലെടുത്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)(ബി)&(സി) വിവരം ശേഖരിച്ചു വരുന്നു.

55 (199) ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ നിയമനങ്ങൾ

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. വി. ബാലറാം :

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ നിലവിലുള്ള വി.സി. രജിസ്ട്രാർ, പ്രിൻസിപ്പൽ, ഡീൻ എന്നിവരുടെ സേവന കാലാവധി എന്നാണ് അവസാനിക്കുന്നത്;

(ബി) പ്രസ്തുത സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ട് പ്രകാരം രജിസ്ട്രാറുടെ സ്ഥിരനിയമനത്തിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1998 നവംബറിൽ പ്രസ്തുത സർവ്വകലാശാലയുടെ ആവശ്യത്തിനായി ഫർണിച്ചർ വാങ്ങിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിനായി എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(എഫ്) ഫർണിച്ചർ വാങ്ങിയത് സംബന്ധിച്ച് എന്തെങ്കിലും ആരോപണം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്കൃത യൂണിവേഴ്സിറ്റി വൈസ്ചാൻസലറുടെ സേവന കാലാവധി 19.8.1996 മുതൽ 18.8.2000 വരെയും പ്രിൻസിപ്പൽ, ഡീനിന്റെ സേവന കാലാവധി 1.11.96 മുതൽ 31.10.99 വരെയുമാണ്. രജിസ്ട്രാറുടെ നിയമനം 5.10.96 മുതൽ 4 വർഷത്തേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ്. സേവന കാലാവധി തീരുന്നത് 4.10.2000 ത്തിലാണ്.

(ബി) സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകളനുസരിച്ചാണ് രജിസ്ട്രാറുടെ നിയമനം നടന്നിട്ടുള്ളത്.

(സി) ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ) 2,48,300 രൂപ ചെലവഴിച്ചിട്ടുണ്ട്.

(എഫ്) ഇത് സംബന്ധിച്ച് യാതൊരു ആരോപണവും ഉണ്ടായിട്ടില്ല.

56 (200) ബി.എഡ് കോഴ്സ്

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയനവർഷം മുതൽ ബി.എഡ്. കോഴ്സ് താൽക്കാലികമായി നിർത്തിവെയ്ക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ബി.എഡ്.. കോളേജുകളുടെ അംഗീകാരം പിൻവലിച്ച സംഭവം ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ബി.എഡ്. സെന്ററുകളുടെ അംഗീകാരം പിൻവലിച്ചിട്ടുണ്ട്.

(ഡി) എൻ.സി.ടി.ഇ. നിബന്ധനപ്രകാരമുള്ള 1:10 എന്ന അദ്ധ്യാപക വിദ്യാർത്ഥി അനുപാതം പാലിക്കാതിരിക്കുക, ലബോട്ടറി, ലൈബ്രറി, കെട്ടിട സൗകര്യങ്ങൾ, ഫർണിച്ചർ, പഠനോപകരണങ്ങൾ, കളിസ്ഥലം എന്നിവ ഇല്ലാതിരിക്കുക മുതലായവയാണ് കാരണങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly